നമ്പർ.എസ്.3/ 102298 /2019-20/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 24-7-2019
ഫോൺ: 0471-2306580
email: dcescholarship@gmail.com

## വിജ്ഞാപനം

തിരുവനന്തപുരം, തൃപ്പൂണിത്തുറ, പാലക്കാട് എന്നിവിടങ്ങളിലെ ഗവൺമെന്റ് മ്യൂസിക് കോളേജുകളിൽ ബി.പി.എ/എം.പി.എ/ബി.എ/എം.എ കോഴ്സുകളിൽ പഠിക്കുന്നവരും, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് ഫൈൻ ആർട്സ് കോളേജുകളിൽ ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പഠിക്കുന്നവരുമായ വിദ്യാർത്ഥികളിൽ നിന്നും 2019-20 അദ്ധ്യയന വർഷത്തിൽ മ്യൂസിക് സ്കോളർഷിപ്പിനും, ഫൈൻ ആർട്സ് സ്കോളർഷിപ്പിനും ഉള്ള പുതിയതും/പുതുക്കലും അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു. കുടുംബ വാർഷിക വരുമാന പരിധി 1,00,000/- രൂപയുള്ള വിദ്യാർത്ഥികളും/ ഇതേ സ്കോളർഷിപ്പ് കഴിഞ്ഞ വർഷം ലഭിച്ചിട്ടുള്ളവരും, മറ്റു സ്കോളർഷിപ്പുകളോ, സ്റ്റൈപ്പന്റോ ലഭിയ്ക്കാത്തവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിയ്ക്കാം. മുൻവർഷത്തെ പരീക്ഷാഫലം തെളിയിയ്ക്കുന്ന മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്. സ്കോളർഷിപ്പ് സംബന്ധമായ വിശദവിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റായ www.dcescholarship.kerala.gov.in - ൽ ലഭ്യമാണ്

സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ, SBI, Federal Bank, South Indian Bank, എന്നിവയിൽ ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കണം. മറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>മ്യൂസിക് സ്കോളർഷിപ്പ്</u>

i. <u>ബിരുദ കോഴ്സ് (ബി.പി.എ, ബി.എ)</u>

<u>ഗാനഭൂഷണം</u>

| പ്രതിവർഷ നിരക്ക് (Rs) | എണ്ണം |
|---|---|
| 1250/- | 50 |

ii. ബിരുദാനന്തര ബിരുദ കോഴ്സ് (എം.പി.എ, എം.എ)

ഗാന പ്രവീണ

| പ്രതിവർഷ നിരക്ക് (Rs) | എണ്ണം |
|---|---|
| 1500/- | 15 |

**ഫൈൻ ആർട്സ് സ്കോളർഷിപ്പ്**

(i) ബിരുദ കോഴ്സ്

| ബ്രാഞ്ച് | പ്രതിമാസ നിരക്ക് (Rs) | എണ്ണം |
|---|---|---|
| (എ) ഭരതനാട്യം | 300 | 5 |
| (ബി) ഡ്രോയിംഗ്/പെയിന്റിംഗ് | 250 | 5 |
| (സി) മോഹിനിയാട്ടം | 300 | 5 |
| (ഡി) സ്കൾപ്ചർ & മോഡലിംഗ് | 250 | 5 |
| (ഇ) കഥകളി | 500 | അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും |

(ii) ബിരുദാനന്തര ബിരുദ കോഴ്സ്

| ബ്രാഞ്ച് | പ്രതിമാസ നിരക്ക് (Rs) | എണ്ണം |
|---|---|---|
| കഥകളി | 750 | അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും |
| മറ്റ് വിഭാഗങ്ങൾ | 500 | 2 വീതം |

**അപേക്ഷിക്കേണ്ട രീതി(Renewal)**

- അപേക്ഷകൾ ഓൺലൈനായി 1/8/2019 മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Music, Fine Arts Scholarship (MFAS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- Apply online ക്ലിക്ക് ചെയ്യുക
- മറ്റു സ്കോളർഷിപ്പിനായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ID enter ചെയ്യുക
- സ്കോളർഷിപ്പ് tab ൽ MFAS enter ചെയ്യുക
- നൽകിയ വിവരങ്ങൾ ശരിയാണെങ്കിൽ തുടർന്ന് submit ക്ലിക്ക് ചെയ്യുക.
- Online-ലൂടെ അപേക്ഷ നൽകിയതിനുശേഷം view/Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ printout എടുത്തിരിക്കണം.
- രജിസ്ട്രേഷൻ ഫോമിന്റെ printout, മാർക്ക് ലിസ്റ്റിന്റെ
- കോപ്പി എന്നിവ വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്

(Fresh)

1. അപേക്ഷകൾ ഓൺലൈനായി 1/8/2019 മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Music, Fine Arts Scholarship (MFAS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2.തുടർന്ന് വലതു ഭാഗത്തെ Renewal Button ൽ ക്ലിക്ക് ചെയ്യുക. തുടർന്ന് Institution Selection ചെയ്യുക.

3. ഇപ്പോൾ പഠിക്കുന്ന കോഴ്സിൽ ചേർന്ന year ഉം candidate ന്റെ name ഉം select ചെയ്യുക.
4. Renewal ID Enter ചെയ്യുക (Renewal ID ക്കായി Institution നെ ബന്ധപ്പെടുക) തുടർന്ന് submit ക്ലിക്ക് ചെയ്യുക.
5. Online-ലൂടെ അപേക്ഷ നൽകിയതിനുശേഷം view/Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ printout എടുത്തിരിക്കണം.
6. രജിസ്ട്രേഷൻ ഫോമിന്റെ printout, മാർക്ക് ലിസ്റ്റിന്റെ കോപ്പി എന്നിവ വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

**സ്ഥാപനമേധാവികളുടെ ശ്രദ്ധയ്ക്ക്**

- വിദ്യാർത്ഥികൾ സമർപ്പിക്കുന്ന രേഖകളും, രജിസ്ട്രേഷൻ printout ഉം ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ് (വെരിഫിക്കേഷൻ).
- സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) ഓൺലൈന് വഴി അംഗീകരിച്ചിരിക്കണം.(അപ്രൂവൽ) എല്ലാ രേഖകളുടേയും നിജസ്ഥിതി സ്ഥാപന മേധാവി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
- ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ (വിദ്യാർത്ഥികൾ സമർപ്പിച്ച രേഖകളും, രജിസ്ട്രേഷൻ printout) അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. ഇവ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

**സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ**

1. അപേക്ഷകന്റെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റ്ഔട്ട്.
2. വാർഷിക പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
3. അപേക്ഷകർക്ക് സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ, SBI, Federal Bank, South Indian Bank, എന്നിവയിൽ ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. അപേക്ഷകർ സ്വന്തം പേരിലുള്ള ബാങ്ക്പാസ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ് ഇവ ഉൾപ്പെട്ടിരിക്കണം)

**അവസാന തീയതികൾ**

- ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി - 30/09/2019
- രജിസ്ട്രേഷൻ printout ഉം മറ്റ് അനുബന്ധരേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി -1/10/2019
- സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധന കഴിഞ്ഞ് ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട തീയതി - 15/10/2019

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി - 15/10/2019

ഒപ്പ്/-
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

അംഗീകാരത്തോടെ

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

ശ്രീജ/22-07-19